ജലം : തുറമുഖത്തിനാവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖാന്തരം 3.3 MLD ജലം ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണം 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. നിലവിൽ ഇതിന്റെ 50 ശതമാനമായ 1.5 MLD ശുദ്ധജലം വിഴിഞ്ഞം പ്രദേശത്തെ ജനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി മുഖാന്തരം വിതരണം ചെയ്തുവരുന്നു.

കെട്ടിടങ്ങൾ : തുറമുഖത്തിന് അനുബന്ധമായി ആവശ്യമായ എല്ലാ കെട്ടിടങ്ങളുടെ രൂപകല്പനയും നിർമ്മാണവും നിലവിലെ ഘടനയനുസരിച്ച് തുറമുഖ നിർമ്മാണവും പ്രവർത്തനവും ഏറ്റെടുക്കുന്ന കൺസഷനെയർ ആണ് പൂർത്തിയാക്കേണ്ടത്.

മാതൃകാ മത്സ്യഗ്രാമപദ്ധതി

12 (*312) ശ്രീ.പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ-ഡി) മാതൃകാമത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്രവികസനത്തിലൂടെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നത്.

മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടം സംസ്ഥാനത്തെ എല്ലാ മത്സ്യഗ്രാമങ്ങളിലുമായാണ് നടപ്പിലാക്കിവരുന്നത്. ഈ ഗ്രാമങ്ങളിലെ ഭവന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രഹിതരായ 2867 മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിന് 57.34 കോടി രൂപ ചെലവഴിച്ചുവരുന്നു. സംസ്ഥാനത്തെ ഫിഷർമെൻ കോളനികളിലെ മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനർ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും 25 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത 14 ഫിഷറീസ് കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 5 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തിലുൾപ്പെടുത്തി 2762 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് 4.83 കോടി രൂപയുടെയും 1000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതിന് 5 കോടി രൂപയുടെയും പദ്ധതി നടപ്പിലാക്കൽ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനമൊട്ടാകെയുള്ള 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണത്തിനായി 2516.50 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ 300 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 350 ലക്ഷം രൂപയുടെ വൈദ്യുതീകരണം, 74 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം, 63 ലക്ഷം രൂപയുടെ അംഗൻവാടി, 150 ലക്ഷം രൂപയുടെ വലിയതുറ ഫിഷറീസ് ആശുപത്രി നിർമ്മാണം എന്നിവയും ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 40 ലക്ഷം രൂപയുടെ വൈദ്യുതീകരണം 70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 200 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം, 128 ലക്ഷം രൂപയുടെ ബേപ്പൂർ ജി.എച്ച്.എസ്.എസ്. സ്കൂൾ കെട്ടിട നിർമ്മാണം, ആനാപ്പുഴയിൽ 8 ലക്ഷം രൂപയുടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 114 കോടി രൂപ ഉപയോഗിച്ച് വികസനപരമായി പിന്നോക്കം നിൽക്കുന്ന 57 മത്സ്യ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി നിർമ്മാണം, ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടൂർ, തങ്കശ്ശേരി, ശക്തികുളങ്ങര, പുറക്കാട്, കാട്ടൂർ, പള്ളിത്തോട് സൗത്ത്, പള്ളിത്തോട് നോർത്ത്, അർത്തുങ്കൽ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, വടക്കേക്കര, എടക്കഴിയൂർ, കടപ്പുറം, വെങ്കിടങ്ങ്, പരവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട, കോട്ടിക്കുളം, ബംഗര

മഞ്ചേശ്വരം എന്നീ തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ 48.95 കോടി രൂപയുടെയും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീകര, മൂത്താക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ഷിറിയ എന്നീ 20 മത്സ്യ ഗ്രാമങ്ങളിൽ 39.52 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട്, തെക്കുംഭാഗം/തേവലക്കര, വാടാനപ്പള്ളി, വൈക്കം, കൊയിപ്പാടി, എടക്കാട്, കസബ, മടപ്പള്ളി, ചിലക്കൂർ, കൂട്ടായി, മാമ്പള്ളി, പള്ളിത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ 23.88 കോടി രൂപയുടെയും ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പിലാക്കി വരികയുംചെയ്യുന്നു.

51.39 കോടി രൂപയുടെ കുടിവെള്ള വിതരണം, 23.03 കോടി രൂപയുടെ വൈദ്യുതീകരണം, 7.78 കോടി രൂപയുടെ ഹൈമാസ്റ്റ് ലൈറ്റുകൾ, 11.58 കോടി രൂപയുടെ സാനിട്ടേഷൻ, 8.99 കോടിരൂപയുടെ ലൈബ്രറി സഹായം, 8.90 കോടിരൂപയുടെ ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് 57 മത്സ്യഗ്രാമങ്ങളായി നടപ്പിലാക്കുന്നത്.

പി.എസ്.സി.-യുടെ പരീക്ഷാ പരിഷ്കാരങ്ങൾ

13 (*313) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിലെ പരീക്ഷാ രീതികളിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് ഇതുവഴി പരിഹരിക്കപ്പെടുന്നത്; വിശദമാക്കുമോ ;

(ഡി) പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി OMR പരീക്ഷക്ക് പുറമെ online പരീക്ഷകൂടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല 1-1-2012 മുതൽ ആരംഭിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം 1-7-2014 മുതൽ

LIBRARY ARCHIVES Kerala Legislative Assembly